**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3268** **13-07-2022 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ പട്ടയ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലയളവ് മുതൽ പൂഞ്ഞാർ മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന വില്ലേജുകളിൽ നിന്നും പട്ടയത്തിന് വേണ്ടി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്ര അപേക്ഷകളിൽ പട്ടയം അനുവദിച്ചുവെന്നും വില്ലേജ് തിരിച്ച് കണക്കുകൾ അറിയിക്കുമോ; | (എ) | പൂഞ്ഞാർ മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന വില്ലേജുകളിൽ നിന്നും പട്ടയത്തിന് വേണ്ടി ലഭിച്ച അപേക്ഷകളുടേയും അനുവദിച്ച പട്ടയങ്ങളുടേയും എണ്ണം അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) | ആകെ ലഭിച്ച അപേക്ഷകളിൽ നിരസിച്ചവ എത്രയെന്നും ബാക്കിയുള്ള അപേക്ഷകളുടെ നിലവിലെ സ്ഥിതി എന്തെന്നും വില്ലേജ് തിരിച്ച് വിവരം ലഭ്യമാക്കുമോ; | (ബി) | പൂഞ്ഞാർ മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന വില്ലേജുകളിൽ നിന്നും ലഭിച്ച അപേക്ഷകളിൽ നിരസിച്ച അപേക്ഷകളുടേയും ബാക്കിയുള്ള അപേക്ഷകളുടേയും എണ്ണം അനുബന്ധം II ആയി ചേർക്കുന്നു.<br><br>ആകെ ലഭിച്ച 7466 അപേക്ഷകളിൽ 142 അപേക്ഷകളിൽ പട്ടയം അനുവദിച്ചിട്ടുണ്ട്. ഇതിൽ 21 അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. 206 എണ്ണത്തിൽ നടപടി സ്വീകരിച്ചുവരുന്നു. അവശേഷിക്കുന്ന 7097 അപേക്ഷകൾ കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി തെക്ക്, എരുമേലി വടക്ക്, കോരുത്തോട് വില്ലേജുകളിൽപ്പെട്ടതാണ്. ടി കൈവശഭൂമികൾ പട്ടിക വർഗ്ഗ സെറ്റിൽമെന്റിൽ ഉൾപ്പെടുന്ന വനഭൂമി ആണെന്ന് കാണിച്ച് പതിച്ച് നൽകുന്നതിൽ കോട്ടയം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ആക്ഷേപം ഉന്നയിച്ചിട്ടുണ്ട്. ഈ വിവരം കോട്ടയം ജില്ലാ കളക്ടർ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചു വരുന്നു. |
| (സി) | നിലവിൽ പൂഞ്ഞാർ മണ്ഡലത്തിന്റെ പരിധിയിൽ വിതരണത്തിന് തയ്യാറായ എത്ര പട്ടയങ്ങൾ ഉണ്ടെന്നും പ്രസ്തുത പട്ടയങ്ങൾ എന്നേയ്ക്ക് നൽകാനാകുമെന്നും വില്ലേജ് അടിസ്ഥാനത്തിൽ ഇനം തിരിച്ച് അറിയിക്കുമോ; | (സി) | നിലവിൽ പൂഞ്ഞാർ മണ്ഡലത്തിന്റെ പരിധിയിൽ വിതരണത്തിന് തയ്യാറായ പട്ടയങ്ങൾ ഇല്ല. |
| (ഡി) | മണ്ഡലത്തിലെ വനമേഖലകളിലുൾപ്പെടുന്ന പ്രദേശങ്ങളിലെ അപേക്ഷകർക്ക് പട്ടയം | (ഡി) | കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി തെക്ക്, എരുമേലി വടക്ക്, കോരുത്തോട് വില്ലേജുകളിൽപ്പെട്ട |

| | | | |
|---|---|---|---|
| | ലഭ്യമാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | | കൈവശഭൂമികൾ പട്ടിക വർഗ്ഗ സെറ്റിൽമെന്റിൽ ഉൾപ്പെടുന്ന വനഭൂമി ആണെന്ന് കാണിച്ച് പതിച്ച് നൽകുന്നതിൽ കോട്ടയം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ആക്ഷേപം ഉന്നയിച്ചിട്ടുണ്ട്. ഈ വിവരം കോട്ടയം ജില്ലാ കളക്ടർ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചു വരുന്നു. |
| (ഇ) | മണ്ഡലത്തിലെ കെട്ടിക്കിടക്കുന്ന പട്ടയ അപേക്ഷകളിന്മേൽ തീർപ്പുകൽപ്പിക്കുന്നതിനായി അധിക ജീവനക്കാരെ നിയോഗിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഇ) | കെട്ടികിടക്കുന്ന അപേക്ഷകളിൽ പട്ടയം അനുവദിക്കുന്നതിന് വനം വകുപ്പ് തടസ്സവാദം ഉന്നയിച്ച സാഹചര്യത്തിൽ ഈ വിഷയത്തിൽ തീരുമാനം ആകുന്ന മുറയ്ക്ക് അധിക ജീവനക്കാരെ നിയോഗിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം II

| ക്രമ നമ്പർ | വില്ലേജ് | ആകെ അപേക്ഷകളുടെ എണ്ണം | നിരസിച്ചവയുടെ എണ്ണം | ബാക്കി അപേക്ഷകൾ |
|---|---|---|---|---|
| 1 | ഈരാറ്റുപേട്ട | 5 | 3 | 2 |
| 2 | തീക്കോയി | 12 | 5 | 7 |
| 3 | കൊണ്ടൂർ | 8 | 2 | 2 |
| 4 | പൂഞ്ഞാർ | 2 | 1 | 1 |
| 5 | പൂഞ്ഞാർ തെക്കേക്കര | 12 | 4 | 4 |
| 6 | പൂഞ്ഞാർ നടുഭാഗം | 55 | 3 | 15 |
| 7 | എരുമേലി തെക്ക് | 1933 | 3 | 1889 |
| 8 | എരുമേലി വടക്ക് | 3968 | 0 | 3958 |
| 9 | കോരുത്തോട് | 1417 | 0 | 1410 |
| 10 | കൂട്ടിക്കൽ | 16 | 0 | 10 |
| 11 | മുണ്ടക്കയം | 33 | 0 | 3 |
| 12 | കാഞ്ഞിരപ്പള്ളി | 5 | 0 | 2 |
| | ആകെ | 7466 | 21 | 7303 |